ലേഖനം ●
മുനാ പണിക്കർ

# സത്യവിശ്വാസത്തിന്റെ സോപാനത്തിൽ

നിരന്തര സത്യാന്വേഷണത്തിലൂടെയും മതതത്ത്വങ്ങളുടെ താരതമ്യ പഠനത്തിലൂടെയും ഇസ്‌ലാമിൽ എത്തിച്ചേർന്ന മലയാളി വനിതയാണ്, ഹിന്ദു കുടുംബത്തിൽ ജനിച്ചു വളർന്ന മുനാ പണിക്കർ. സുഊദി ആരോഗ്യവകുപ്പിൽ ഉദ്യോഗസ്ഥയായ ഇവർ അവിടത്തെ പ്രവാസികൾക്കിടയിൽ പ്രഗത്ഭയായ ഇസ്‌ലാമിക പ്രബോധക കൂടിയാണ്. ഈ ലേഖനത്തിലൂടെ സ്വന്തം വിശ്വാസ പരിണാമത്തിലേക്ക് തിരിഞ്ഞു നോക്കുകയാണവർ.

**പിന്നിട്ട** സുദീർഘമായ പ്രയാണത്തിന്റെ വഴിത്താരകൾ പുനരവലോകനം ചെയ്യാതെ സത്യവിശ്വാസത്തിൽ എത്തിച്ചേർന്നതിന്റെ സന്തോഷം പങ്കിടാൻ കഴിയില്ല. തുടക്കം ഭഗവത്ഗീതയിലായിരുന്നുവെങ്കിലും എത്തിച്ചേർന്നത് വിശുദ്ധഖുർആനിൽ. “എല്ലാ ശിശുക്കളും ജനിച്ചു വീഴുന്നത് പ്രകൃതിയുടെ പരിശുദ്ധിയോടെയാണ്.” പിറന്നത് ആ ഇസ്‌ലാമിലായിരുന്നുവെങ്കിലും പിച്ചവെച്ചുനടന്നതു മുതൽ മാതാവാകാൻ ഭാഗ്യം സിദ്ധിച്ചതുമെല്ലാം യാഥാസ്ഥിതിക ഹിന്ദു കുടുംബത്തിലായിരുന്നു. പ്രാർഥനകളും, കീർത്തനങ്ങളും, വേദപാരായണവും വ്രതവും നിറഞ്ഞ അന്തരീക്ഷത്തിൽ അമ്മ പിച്ചവെച്ചു നടത്തിയപ്പോൾ, കഷ്ടപ്പെടുന്നവരെയും ദരിദ്രരെയും സഹായിക്കാൻ അക്ഷീണം പ്രവർത്തിക്കുന്ന പിതാവിനെയാണ് മറുവശത്ത് ദർശിച്ചത്. മതസൗഹാർദം, സമഭാവന ഇതെല്ലാം സ്വന്തം ജീവിതത്തിന്റെ കളരികളിൽ അദ്ദേഹം പയറ്റി - കളരി തന്റെ ഗൃഹവും ആയുധം സ്വന്തം ധനവും ആയിരുന്നു.

പ്രാർഥനാ വേളകൾ ഞാൻ ഏറെ ഇഷ്ടപ്പെട്ടു. അമ്മയിൽനിന്നും രാമായണ -ഭാഗവത കഥകൾ പഠിച്ചു. എന്നാൽ പ്രകൃതിയിലേക്കു നോക്കുമ്പോൾ ഒന്നിനു പിറകെ ഒന്നായി അണിനിരന്നു വരുന്ന സംശയങ്ങളും ചോദ്യങ്ങളും. പലപ്പോഴും രാത്രിയുടെ ഇരുണ്ട യാമങ്ങളിൽ പ്രത്യേകിച്ച് പൗർണമി നിലാവിൽ ആകാശത്തേക്ക് കണ്ണുംനട്ടു കിടന്ന് അമ്മയോട് അനേകം ചോദ്യങ്ങൾ ചോദിക്കുമായിരുന്നു. ആകാശത്ത് നക്ഷത്രങ്ങൾ വിതറിയത് ആരാണ്? ആകാശത്തേക്ക് പറന്നുയരുന്ന പക്ഷികളെ വീഴാതെ താങ്ങുന്നത് ആരാണ്? കുളികഴിഞ്ഞു പ്രാർഥനാ നിരതരായിരിക്കുന്ന കൊക്കുകൾ ആരോടാണ് പ്രാർഥിക്കുന്നത്? ആരാണതിനെ പ്രാർഥന പഠിപ്പിക്കുന്നത്? ഉപ്പുള്ള മണ്ണിലെങ്ങനെയൊരു ശുദ്ധജല തടാകം ഉണ്ടായി? തൂണില്ലാത്ത ആകാശം ഇടിഞ്ഞു വീഴില്ലേ? ത്രിവേണി സംഗമത്തിലെ ജലത്തിനെങ്ങനെ രുചി വ്യത്യാസം ഉണ്ടാകുന്നു? ഭൂമിയെ ഉറപ്പിക്കുന്ന ആണിയാണോ പർവതങ്ങൾ? എത്ര എത്ര ചോദ്യങ്ങൾ ചോദിച്ചാലും ഒരിക്കലും അലോസരം കാണിക്കാതെ, എല്ലാം സൃഷ്ടിച്ചത് പരബ്രഹ്മത്തിന്റെ തീരുമാനങ്ങളാണെന്ന് പറഞ്ഞു നിർത്തുമായിരുന്നു. പല രാവുകളിലും കുടുംബ കഥകളും തറവാടുകളുടെ പുരാതന ചരിത്രങ്ങളും പറഞ്ഞു തരുമായിരുന്നു. നിരയും പലകയും ഉള്ള ചിത്രപ്പണികളുള്ള വീടുകളും, അതിലെ ഇരുട്ടുമുറികളും പനയും ഒക്കെ എന്തോ നിഗൂഢത അനുഭവപ്പെടുത്തുമായിരുന്നു - അവിടം എനിക്കെപ്പോഴും ശ്വാസംമുട്ടലായിരുന്നു. കാലക്രമേണ പുതിയ വീടുകൾ അതിനരികിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയപ്പോൾ ആശ്വാസമായി. അമ്മയുടെ അരികിലിരുന്നു അതിരാവിലെയും സന്ധ്യാവേളകളിലും രാമായണ കഥകളും മഹാഭാരതവും പഠിച്ചു. അമ്മ ശൈവ വൈഷ്ണവ വിശ്വാസത്തെ ഒരുമിച്ചുതന്നെ ചേർത്തു പിടിച്ചിരുന്നു. എന്റെ ഉറക്കത്തിൽ പോലും ക്ഷേത്രങ്ങൾ നിറഞ്ഞുനിന്നു. ക്ഷേത്രത്തിൽനിന്ന് ക്ഷേത്രത്തിലേക്ക് യാത്ര ചെയ്തു. ഒരിക്കൽ ഗുരുവായൂർ ക്ഷേത്രം സ്വപ്നം കണ്ടു. അതിന്റെ പിന്നിൽ എന്തെങ്കിലും രഹസ്യം ഒളിഞ്ഞു കിടന്നിരുന്നോ? എന്തായാലും വിഗ്രഹാരാധനയിലെ മിഥ്യ എന്റെ ഹൃദയം ഉൾക്കൊണ്ടത് ആ വലിയ ക്ഷേത്രത്തിൽവെച്ചായിരുന്നു. ബാല്യവും യൗവനവും കടന്നുവന്നു. എങ്കിലും എന്റെ അന്വേഷണം തുടർന്നു. പിന്നെ വിവാഹ ജീവിതം. അവിടെനിന്നു മാതൃത്വത്തിന്റെ നിർവൃതിയും അറിഞ്ഞു. ഒഴിവുകാലങ്ങളിൽ ഭഗവത്ഗീതയും ബൈബിളും മാറിമാറി വായിച്ചുതുടങ്ങി. നോയമ്പെടുത്തിരുന്നു. ആചാരത്തിലുപരി മറ്റൊരു അന്വേഷണം ഈ വേദഗ്രന്ഥത്തിലൂടെ നടത്താൻ ശ്രമിച്ചോ? എന്തായാലും കോടിക്കണക്കിന് ദൈവങ്ങളും അവരിൽനിന്ന് ത്രിമൂർത്തികളും, അതിൽനിന്നും സനാതന സത്യ

●

ഒരു ഉൾവിളിപോലെ എന്റെ ശ്രദ്ധ ഇസ്‌ലാമിക ഗ്രന്ഥങ്ങളിലേക്കു തിരിഞ്ഞു. സുബ്ഹാനല്ലാഹ്! അത്ഭുതമെന്നു പറയട്ടെ. അന്വേഷിച്ചു നടന്ന സത്യത്തിന്റെ നിദർശനം! ഹൃദയം കുളിർത്തു. ഞാൻ ഇസ്‌ലാമിലേക്ക് പ്രവേശിച്ചു. കുടുംബാംഗങ്ങൾക്കെല്ലാം ഞാനവരുടെ കണ്ണിലെ കരടായി- എന്തോ മഹാപരാധം ചെയ്തപോലെ.

●

മായ ഏകദൈവസങ്കൽപവും. എന്തോ ഈ 'സങ്കൽപം' എന്നിൽ ദഹിക്കാതെ കിടന്നു. ഈ സമയത്ത് ഭഗവത്ഗീത കൂടുതൽ ശ്രദ്ധിച്ചു വായിച്ചു തുടങ്ങി. ഒരു സൂക്തം, എന്നെ വല്ലാതെ ആകർഷിച്ചു.

"അന്തവത്തു ഫലം തേഷാം
തദ്ഭവതല്പ മേധസാം
ദേവൻ ദേവയതോ യാന്തി
മദ്ഭക്താ യാനി മാ മവി."

സാരം: "അൽപ ബുദ്ധികളായ അവർക്കുള്ള ആ ഫലം എന്നാൽ നശിച്ചുപോകുന്നതാണ്. ദേവാരാധകർ ദേവന്മാരെ പ്രാപിക്കുന്നു. എന്റെ ഭക്തന്മാർ എന്നെയും പ്രാപിക്കുന്നു." ഞാനിത് പല ആവർത്തി വായിച്ചു. ഭക്തന്മാരുടെ സ്വഭാവ വൈശിഷ്ട്യവും ശ്രദ്ധിച്ചു വായിച്ചു:

"മച്ചത്താമുദ്ഗത പ്രാണം
ബോധയന്തും, പരസ്പരം
കഥകനശ്ചമാം നിത്യം
തുഷ്യനി ചരമന്തി യ"

സാരം: "എന്നിൽ തന്നെ മനസ്സൂന്നി, എല്ലാ പ്രവൃത്തികളും എന്നിൽ അർപ്പണ ബുദ്ധിയോടുകൂടി ചെയ്തുകൊണ്ടും തമ്മിൽ തമ്മിൽ എന്നെ കുറിച്ചു സംസാരിച്ചുകൊണ്ടും എന്നും എപ്പോഴും അവർ സന്തോഷിക്കുകയും രമിക്കുകയും ചെയ്യുന്നു." മറ്റു സൂക്തങ്ങളിലേക്ക് ഞാൻ തിരിഞ്ഞു:

"നാഹം പ്രകാശ സർവസ്യ
യോഗമാകാ സമാവൃതഃ
മൂഢോകം നാഭി ജാനാതീ
ലോകേ മാമജ മവ്യയം"

"യോഗമാകയാൽ ആവൃതനായ ഞാൻ എല്ലാപേർക്കും പ്രത്യക്ഷനല്ല. ഈ മൂഢമായ ലോകം എന്നെ ജനനരഹിതനും നാശമറ്റവനും ആയി അറിയുന്നില്ല." ബിംബാരാധനയിലെ മൗഢ്യവും, ബഹുദൈവാരാധനയിലെ മിഥ്യയും മനസ്സിൽ വേരൂന്നി. ചില പണ്ഡിതന്മാരുമായി വിഷയം ചർച്ച ചെയ്തു. അന്ത്യം ഏകദൈവ വിശ്വാസം മോക്ഷപ്രാപ്തി ആണെന്നും ഇപ്പോൾ ഗാർഹിക ജീവിതത്തിൽ ശ്രദ്ധിക്കണമെന്നും, മോക്ഷം ലൗകിക ജീവിതത്തിൽ നിന്നുള്ള മുക്തിയാണെന്നും ലൗകിക ജീവിതം ഉപേക്ഷിക്കേണ്ട സമയം ആയിട്ടില്ലെന്നും ഉള്ള ഉപദേശങ്ങളായിരുന്നു ഏറെയും ലഭിച്ചത്. സ്വന്തമായ അന്വേഷണം മാത്രമേ സത്യത്തിൽ എത്തിക്കാൻ പര്യാപ്തമാവൂ എന്നു മനസ്സിലാക്കിയ ഞാൻ അന്വേഷണം ശ്രീമദ് ആയ ഗ്രന്ഥങ്ങളിലേക്ക് തിരിച്ചു- നാരായണീയം ശ്രദ്ധിച്ചുനോക്കി. ഒന്നെനിക്കു മനസ്സിലായി- ഏകദൈവ വിശ്വാസത്തെ മറച്ചു പിടിച്ചുകൊണ്ടാണ് ഇവയുടെ ഒക്കെ പോക്ക്. ഇക്കാലത്ത് ക്ഷേത്രദർശന സമയത്ത് ഒരുക്കിയിരിക്കുന്ന വിഗ്രഹങ്ങൾ എന്നിൽ ചിരിയുണർത്തിതുടങ്ങി. എന്റെ മനസ്സു പല "മല്ലയുദ്ധ"ങ്ങളും നടത്തി. ഒരു ഉൾവിളിപോലെ എന്റെ ശ്രദ്ധ ഇസ്‌ലാമിക ഗ്രന്ഥങ്ങളിലേക്കു തിരിഞ്ഞു. സുബ്ഹാനല്ലാഹ്! അത്ഭുതമെന്നു പറയട്ടെ. അന്വേഷിച്ചു നടന്ന സത്യത്തിന്റെ നിദർശനം! ഹൃദയം കുളിർത്തു. ഞാൻ ഇസ്‌ലാമിലേക്ക് പ്രവേശിച്ചു. എന്നെ സ്നേഹിച്ചവർ എന്നോടൊപ്പം ഉണ്ടാകുമെന്നു വിശ്വസിച്ചു- എന്നാൽ ആ പ്രതീക്ഷകൾ തീരെ അസ്ഥാനത്തായിരുന്നു. കുടുംബാംഗങ്ങൾക്കെല്ലാം ഞാനവരുടെ കണ്ണിലെ കരടായി- എന്തോ മഹാപരാധം ചെയ്ത പോലെ. അരച്ചുകൊടുത്താൽ വലിച്ചുകുടിക്കുമെന്ന മട്ട്. സത്യവിശ്വാസത്തിന്റെ നേരെ ഇത്ര എതിർപ്പോ? പലരും പരമാവധി ശ്രമിച്ചു. ഉപദേശം, ഭീഷണി, പീഡനങ്ങൾ, അങ്ങനെ നീണ്ടുപോയി. ആരോടും ഒന്നും ചോദിച്ചില്ല. എല്ലാം വിട്ടുകൊടുത്തു. ഭീഷണി ഫലിക്കാതായപ്പോൾ ഭർത്താവിന് ഡൈവോഴ്സ് വേണം- അതും നൽകി. പേരുമാറ്റം പത്രത്തിൽ പ്രസിദ്ധീകരിച്ചപ്പോൾ കുടുംബാംഗങ്ങൾ ഒരുമിച്ചു എതിർത്തു. ജോലി സംബന്ധമായിപോലും വിമർശനങ്ങൾ തുരുതുരാ ഉയർന്നു. എന്റെ ചില സഹോദരങ്ങളെ ഏറ്റവും ഹീനമാക്കി (എന്റെ കുഞ്ഞിനെപ്പോലും വിട്ടില്ല) നിന്ദിച്ചു. തുടർച്ചയായ നിന്ദ! അവൾക്ക് അവകാശപ്പെട്ടതു നശിപ്പിച്ചു. പക്ഷേ, ഞാൻ മുന്നോട്ടു തന്നെ നടന്നു. നേരത്തെ പ്രകൃതിയിൽ കേട്ടിരുന്ന അവ്യക്ത ശബ്ദം തിരിച്ചറിഞ്ഞു- "അല്ലാഹു അക്ബർ." ഖുർആനുമായി ഞാൻ സംവദിച്ചു തുടങ്ങി. "ആകാശഭൂമികളിലുള്ള സകലതും അല്ലാഹുവിനെ പ്രകീർത്തിക്കുന്നു." മനസ്സിൽ നിറഞ്ഞുനിന്ന ഓരോ ചോദ്യത്തിനുമുള്ള ഉത്തരങ്ങൾ ഖുർആനിലൂടെ കണ്ടെത്തി. "അവക്കുമീതെ ചിറകു വിരുത്തിയും ചുരുട്ടിയും പറക്കുന്ന പക്ഷികളെ ഇവർ കാണുന്നില്ലേ? കരുണാമയനായ അല്ലാഹു അല്ലാതെ ആരും അതിനെ പിടിച്ചുനിർത്തുന്നില്ല" (67:19).

ആകാശം ഭൂമിയെ ആശ്ലേഷിച്ചിരിക്കുന്നതിനും ഉത്തരം കണ്ടെത്തി.

"പിന്നെ അവൻ ആകാശത്തേക്ക് നോക്കി; അപ്പോഴത് ഒരു കേവല ധൂമമായിരുന്നു. ആകാശത്തോടും ഭുമിയോടും അവൻ പറഞ്ഞു: 'നിങ്ങൾ ഒരുമിച്ചു വരിക. ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും.' അവർ പറഞ്ഞു: 'ഞങ്ങളിതാ ഒരുമിച്ചു വന്നിരിക്കുന്നു. അനുസരണമുള്ളവരായി' (41:11). ഈ ആയത്ത് എന്നെ കോരിത്തരിപ്പിച്ചു.

ആകാശത്തു വിതറിയിരിക്കുന്ന നക്ഷത്രങ്ങളെപ്പറ്റി ചിന്തിച്ച മനസ്സിനും ആശ്വാസം.

"അടുത്ത ആകാശത്തെ അവൻ (നാം) ദീപാലംകൃതമാക്കി. തികച്ചും സുരക്ഷിതവുമാക്കി. ഇതൊക്കെയും സർവജ്ഞനായ ഒരു പരമശക്തന്റെ സംവിധാനവുമാകുന്നു" (41:12).

"സമീപമാനത്തെ നാം ഗംഭീരമായ ദീപങ്ങളാൽ അലങ്കരിച്ചിരിക്കുന്നു. അവയെ ചെകുത്താന്മാരെ എറിഞ്ഞോടിക്കാനുള്ള ഉപകരണവും ആക്കിയിരിക്കുന്നു" (67:5).

ത്രിവേണി സംഗമത്തിലെ ജലത്തിന്റെ രുചിവ്യത്യാസവും ഖുർആൻ എനിക്കു മനസ്സിലാക്കിത്തന്നു.

"രണ്ടു സമുദ്രങ്ങളെ കൂടിച്ചേരും വണ്ണം അവൻ അഴിച്ചു വിട്ടിരിക്കുന്നു. എന്നിട്ടും അവക്കിടയിൽ ഒരു മറയുണ്ട്" (55:19,20).

"രണ്ടു ജലാശയങ്ങളെ സ്വതന്ത്രമായി ഒഴുക്കാൻ വിട്ടവനാകുന്നു അവൻ. ഒന്ന് സ്വഛമായ ശുദ്ധജലം. മറ്റൊന്ന് അരോചകമായിതോന്നുന്ന ഉപ്പുവെള്ളവും. അവ രണ്ടിനുമിടയിൽ ഒരു മറയും ശക്തമായ ഒരു തടസ്സവും അവൻ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു" (25:53).

വാനലോകത്തെ നോക്കി മിഴിച്ചു നിന്ന എനിക്കു ഖുർആൻ മറുപടി തന്നു: "വാനലോകങ്ങളെ നിങ്ങൾക്കു കാണാവുന്ന താങ്ങുകളില്ലാതെ നിലനിർത്തിയവൻ അല്ലാഹു തന്നെയാകുന്നു" (13:2).

ഭൂമിയെ നിരപ്പാക്കി; അതിൽ പർവതങ്ങളെ ഉറപ്പിച്ചു.

"അവൻ ആകാശങ്ങളെ സൃഷ്ടിച്ചു. നിങ്ങൾക്കു കാണാവുന്ന തൂണുകളില്ലാതെ. ഭൂമിയിൽ അവൻ പർവതങ്ങളെ ഉറപ്പിച്ചു. അതു നിങ്ങളെയും കൊണ്ട് ഉലഞ്ഞുപോകാതിരിക്കാൻ" (31:10).

"ഭൂമിയെ ഒരു വിരിപ്പും പർവതങ്ങളെ ആണികളും ആക്കിയില്ലേ?" (78:6,7).

"ഭൂമിയെയും കൊണ്ട് ഇളകാതിരിക്കാനായി അതിൽ നാം ഉറച്ചു നിൽക്കുന്ന പർവതങ്ങൾ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു" (21:31).

പർവതത്തിന്റെ കീഴ്ഭാഗം ഭൂമിയിലേക്ക് ഇറക്കിയിരിക്കുന്ന ആണിയുടെ രൂപത്തിലാണെന്ന് ശാസ്ത്രലോകം 21-ാം നൂറ്റാണ്ടിലാണ് കണ്ടെത്തിയത്.

വിണ്ടലത്തെയും സൂര്യ ചന്ദ്രാദിക

**ബിംബാരാധനയിലെ മൗഢ്യവും, ബഹുദൈവാരാധനയിലെ മിഥ്യയും മനസ്സിൽ വേരൂന്നി. ചില പണ്ഡിതന്മാരുമായി വിഷയം ചർച്ച ചെയ്തു. അന്ത്യം ഏകദൈവ വിശ്വാസം മോക്ഷപ്രാപ്തി ആണെന്നും ഇപ്പോൾ ഗാർഹിക ജീവിതത്തിൽ ശ്രദ്ധിക്കണമെന്നും, മോക്ഷം ലൗകിക ജീവിതത്തിൽ നിന്നുള്ള മുക്തിയാണെന്നും ലൗകിക ജീവിതം ഉപേക്ഷിക്കേണ്ട സമയം ആയിട്ടില്ലെന്നും ഉള്ള ഉപദേശങ്ങളായിരുന്നു ഏറെയും ലഭിച്ചത്. സ്വന്തമായ അന്വേഷണം മാത്രമേ സത്യത്തിൽ എത്തിക്കാൻ പര്യാപ്തമാവൂ എന്നു മനസ്സിലാക്കിയ ഞാൻ അന്വേഷണം ശ്രീമദ് ആയ ഗ്രന്ഥങ്ങളിലേക്ക് തിരിച്ചു– നാരായണീയം ശ്രദ്ധിച്ചുനോക്കി. ഒന്നെനിക്കു മനസ്സിലായി– ഏകദൈവ വിശ്വാസത്തെ മറച്ചു പിടിച്ചുകൊണ്ടാണ് ഇവയുടെ ഒക്കെ പോക്ക്.**

ളെയും രാപകലുകളെയും പറ്റി ധാരാളം അറിവുകൾ വിശുദ്ധ ഖുർആൻ നൽകുന്നു.

"സൂര്യനെയും ചന്ദ്രനെയും കീഴ്പ്പെടുത്തുകയും ചെയ്തിരിക്കുന്നു. എല്ലാം ഒരു നിശ്ചിത അവധിവരെ സഞ്ചരിക്കുന്നു" (13:12).

"സൂര്യൻ അതിന് സ്ഥിരമായുള്ള ഒരു സ്ഥാനത്തേക്കും സഞ്ചരിക്കുന്നു" (36:38).

"ചന്ദ്രന് നാം ചില ഘട്ടങ്ങൾ നിശ്ചയിച്ചിരിക്കുന്നു. അങ്ങനെ അത് പഴയ ഈന്തപ്പനക്കുലയുടെ വിളഞ്ഞ തണ്ടുപോലെ ആയിത്തീരുന്നു" (36:37).

ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങൾ വിവരിച്ചിരിക്കുന്ന സൂക്തം എത്ര സുന്ദരമായിരിക്കുന്നു.

"സൂര്യന് ചന്ദ്രനെ പ്രാപിക്കാനൊക്കില്ല. രാവ് പകലിനെ മറികടക്കുന്നതുമില്ല. ഓരോന്നും ഓരോ ഭ്രമണ പഥത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നു" (3:40).

അല്ലാഹുവിന്റെ കൽപന അനുസരിച്ചു സ്വന്തം ഭ്രമണപഥത്തിലൂടെ മാത്രം സഞ്ചരിക്കുന്നു നക്ഷത്രങ്ങളും ഗ്രഹങ്ങളും.

"രാത്രിയും അവർക്കൊരു ദൃഷ്ടാന്തമത്രെ" (36:37).

"രാത്രിയെ നാം ഒരു വസ്ത്രമാക്കുകയും പകലിനെ നാം ജീവസന്ധാരണ വേളയാക്കുകയും ചെയ്തിരിക്കുന്നു" (78:10,11).

(മനുഷ്യന്റെ പ്രവർത്തനമെല്ലാം പകലിലാണ് നടക്കുന്നത്. രാത്രി അവൻ വിശ്രമിക്കുന്നു.)

ശാസ്ത്രചിന്ത വളർന്നപ്പോൾ പലതരം കണ്ടുപിടുത്തങ്ങൾ ഉണ്ടായി. ആദ്യം ഭൂമി പരന്നതാണെന്ന ആശയത്തിനായിരുന്നു മുൻതൂക്കമെങ്കിലും പിന്നീട് ഗലീലിയോയുടെ കണ്ടുപിടുത്തം ഭൂമി അണ്ഡാകൃതിയിലാണെന്ന് സമർഥിച്ചു. ഖുർആൻ പറയുന്നു: "അല്ലാഹു രാവിനെ പകലിൽ കോർത്തുകൊണ്ടുവരുന്നതും പകലിനെ രാവിൽ കൊരുത്തുകൊണ്ടുവരുന്നതും നിങ്ങൾ കാണുന്നില്ലേ." ഭൂമി പരന്നതാണെങ്കിൽ ഇതു സംഭവിക്കില്ല. 1400 വർഷം മുമ്പ് അല്ലാഹു മുഹമ്മദ് നബിക്ക് വെളിപ്പെടുത്തിക്കൊടുത്ത ഭ്രൂണശാസ്ത്രം സത്യമായി അംഗീകരിക്കാൻ ലോകത്തിനു 21-ാം നൂറ്റാണ്ടുവരെ കാത്തിരിക്കേണ്ടി വന്നു. ഡാർവിൻ സമർഥിച്ചത് ആൾക്കുരങ്ങ് രൂപാന്തരപ്പെട്ടാണ് മനുഷ്യനുണ്ടായതെന്നാണ്. എന്നുപറഞ്ഞാൽ, നമ്മുടെ ഉപ്പൂപ്പായെ കാണണമെങ്കിൽ കുരങ്ങുകളുടെ കുലത്തിലേക്ക് പോയാൽമതി!

"തീർച്ചയായും, മനുഷ്യനെ നാം കളിമണ്ണിന്റെ സത്തിൽനിന്നും സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് ഒരു ബീജമായിക്കൊണ്ട് അവനെ നാം ഭദ്രമായ ഒരു സ്ഥാനത്തു വെച്ചു. പിന്നെ ആ ബീജത്തെ നാം ഭ്രൂണമായി രൂപപ്പെടുത്തി" (23:1214).

"തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടു കൂടി സൃഷ്ടിച്ചിരിക്കുന്നു (93:4).

"നാം ഉദ്ദേശിക്കുന്ന ബീജങ്ങളെ ഒരു നിശ്ചിത കാലം വരെ ഗർഭാശയത്തിൽ നിബന്ധിപ്പിക്കുന്നു. പിന്നെ നിങ്ങളെ ശിശുവായി പുറത്തുകൊണ്ടുവരുന്നു" (22:5). ഒരേ ഒരു സ്രഷ്ടാവായ അല്ലാഹു പ്രപഞ്ചത്തെ വലിയൊരു കലാലയമാക്കി മനുഷ്യർക്ക് തുറന്നിട്ടു കൊടുത്തിരിക്കുന്നു. വിവിധതരത്തിലുള്ള അറിവിന്റെ അക്ഷയ ഖനിയും സമ്പൂർണ ജീവിതവ്യവസ്ഥയുമാണ് വിശുദ്ധ ഖുർആൻ. ആർക്കെങ്കിലും ഇതിനെക്കുറിച്ചു സംശയമുണ്ടെങ്കിൽ, വരൂ, ഇതു പോലെയുള്ളത് ഒന്നുണ്ടാക്കൂ! ശക്തമായ വെല്ലുവിളി! "നാം നമ്മുടെ ദാസന് അവതരിപ്പിച്ചിട്ടുള്ള ഈ വേദഗ്രന്ഥത്തിൽ (ഇതിനെക്കുറിച്ച്), അതു നമ്മളിൽ നിന്നുള്ളതാണോ അല്ലേ എന്നു നിങ്ങൾ സംശയിക്കുന്നുവെങ്കിൽ അതുപോലുള്ള ഒരു അധ്യായമെങ്കിലും നിങ്ങൾ രചിക്കൂ. അതിന് ഏകനായ അല്ലാഹുവിനെ കൂടാതെ നിങ്ങൾക്ക് ഇഷ്ടമുള്ള സകല കൂട്ടാളികളുടെയും സഹായം തേടിക്കൊള്ളുക. നിങ്ങൾ സത്യവാന്മാരാണെങ്കിൽ അതു ചെയ്തുകാണിക്കൂ"(2:23). ഇതിനുള്ള മറുപടിയും അല്ലാഹു തന്നെ പറയുന്നു "നിങ്ങൾ അതു ചെയ്തിട്ടില്ലെങ്കിൽ- ഒരിക്കലും നിങ്ങൾക്കത് ചെയ്യാൻ കഴിയുകയില്ല" (2:24). ഇല്ല! ആർക്കും അതിനു കഴിഞ്ഞിട്ടില്ല. അവിടെയും ഇവിടെയും നിന്നു ചിരിച്ചു കാണിക്കാനേ അവർക്കൊക്കെ കഴിഞ്ഞുള്ളൂ. പരമോന്നതനായ റബ്ബിനോടോ അഹംഭാവം? സ്വന്തം കഴിവിൽ അഹന്ത തോന്നുന്നവരെ നോക്കി ഖുർആൻ പറഞ്ഞു: "മനുഷ്യരുടെയും ജിന്നുകളുടെയും സംഘമേ! ഭൂമിയുടെയും വാനലോകത്തിന്റെയും അതിരുകൾ ഭേദിച്ചു ഓടാൻ കഴിയുമെങ്കിൽ നിങ്ങൾ ഓടുക" (55:33). ■

(തുടരും)

ജ